പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3543 20/06/2018-ൽ മറുപടിക്ക്

## ആശ വർക്കർമാരുടെ വേതനം

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ആരോഗ്യവകുപ്പിന് കീഴിൽ ത്രിതല പഞ്ചായത്തുകളിലെ വാർഡുകൾ കേന്ദ്രീകരിച്ച് ആരോഗ്യ സംരക്ഷണ പ്രവർത്തനം നടത്തുന്ന ആശ വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) യും ബി) യും സി) യും | ആശാവർക്കർമാർക്ക് നൽകിവരുന്ന ഓണറേറിയം 2015-16-ൽ 1000 രൂപയായിരുന്നു. 2016-17 ൽ 1500 രൂപയായിരുന്നു. 2017-18 ൽ ഇത് 2000 രൂപയായും ഉയർത്തി. ഏപ്രിൽ 2017 പ്രാബല്യത്തോടെ നൽകി വരുന്നു. 2018-19 ബഡ്ജറ്റിൽ 2000 രൂപ വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടെ ഓണറേറിയം 4000/- രൂപയായി ഉയരും. ഇത് കൂടാതെ ഇൻസന്റീവ് അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | വർദ്ധിപ്പിച്ച വേതനം ഇതുവരെ ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| സി) | വർദ്ധിപ്പിച്ച വേതനം ലഭ്യമാക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം കൊടുക്കാമോ? | | |

സെക്ഷൻ ഓഫീസർ